EXC/3471/2024-XE9

കേരള എക്സൈസ് വകുപ്പ്
"മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 02-07-2024
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

സർക്കുലർ നം-HQ/2/2024/EXCISE

വിഷയം: **എക്സൈസ് ജീവനക്കാര്യം - എക്സൈസ് ഉദ്യോഗസ്ഥരുടെ നിയമനം/ സ്ഥലം മാറ്റം സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.**

സൂചന: 1. 14.01.2021-ലെ EXC3/2021/EXCISE നമ്പർ സർക്കുലർ
2. 03.05.2021-ലെ EXC14/2021/EXCISE നമ്പർ സർക്കുലർ
3. 27.06.2024-ലെ എഫ്1/262/2023/നികുതി നമ്പർ സർക്കാർ കത്ത്

സൂചന (1), (2) പ്രകാരം പുറപ്പെടുവിച്ച സർക്കുലറുകൾ റദ്ദ് ചെയ്തു എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം സംബന്ധിച്ച താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

<u>**പൊതു സ്ഥലംമാറ്റം**</u>

i) എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളായ എക്സൈസ് റേഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, വിജിലൻസ് ഓഫീസ്, ജനമൈത്രി എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്, നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നീ ഓഫീസുകളിൽ ജോലി നോക്കുന്ന എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ/വനിതാ സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ എന്നിവരുടെ സേവനകാലയളവും സ്പെഷ്യൽ യൂണിറ്റുകളായ കെ.എസ്.ബി.സി വെയർഹൗസുകൾ, ഡിസ്റ്റിലറികൾ., ബ്രൂവറികൾ, ഫാർമസ്യൂട്ടിക്കലുകൾ, കാന്റീൻ, കെ.എസ്.ബി.സി ഹെഡ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ/വനിതാ സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ എന്നിവരുടെ സേവനകാലയളവ് 2 **വർഷമായും** ചെക്ക് പോസ്റ്റുകളിലെ സേവന കാലയളവ് **6 മാസമായും** നിജപ്പെടുത്തുന്നു. ഫീൽഡ് ഓഫീസുകളിലും സ്പെഷ്യൽ യൂണിറ്റുകളിലും 2 വർഷകാലയളവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഏപ്രിൽ മാസത്തിൽ e-roll മുഖാന്തിരം സ്ഥലം മാറ്റത്തിനുള്ള ഓപ്ഷനുകൾ സമർപ്പിക്കേണ്ടതും ചെക്ക് പോസ്റ്റുകളിൽ 6 മാസം പൂർത്തിയാക്കുന്ന മുറയ്ക്ക് e-roll മുഖാന്തിരം സ്ഥലം മാറ്റത്തിനുള്ള ഓപ്ഷനുകൾ സമർപ്പിക്കേണ്ടതുമാണ്.

ii) എല്ലാ ജില്ലാ മേധാവികളും ജീവനക്കാരുടെ ഒരു ഇലക്ട്രോണിക് ഡേറ്റാ ബേസ് തയ്യാറാക്കി ഫീൽഡ് ഓഫീസുകൾ/ബോർഡ് യൂണിറ്റുകൾ/സ്പെഷ്യൽ യൂണിറ്റുകൾ/ ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിലെ സേവനകാലം വേർതിരിച്ച് കാലാനുസൃതമാക്കി സൂക്ഷിക്കേണ്ടതും ടേൺ സമ്പ്രദായം ഏർപ്പെടുത്തി, ഇ-റോൾ മുഖാന്തിരം അപേക്ഷകൾ സ്വീകരിച്ച് സ്ഥലംമാറ്റം നടപ്പിലാക്കേണ്ടതുമാണ്.

iii) വകുപ്പിൽ എല്ലാ വർഷവും ജൂൺ 1 ന് മുമ്പ് പൊതുസ്ഥലം മാറ്റം നടക്കുന്നുവെന്ന് എല്ലാ ജില്ലാ മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

iV) എക്സൈസ് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ചുമതലയിലും സംസ്ഥാനതല ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾ വകുപ്പ് മേധാവിയുടെ ചുമതലയിലുമായിരിക്കും.

V) ബോർഡ് യൂണിറ്റുകളായ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്) ഓഫീസ്, എക്സൈസ് അക്കാദമി, ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസ്, എക്സൈസ് ഡിവിഷൻ ഓഫീസ്, എക്സൈസ് ക്രൈംബ്രാഞ്ച് എന്നിവിടങ്ങളിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും സേവനകാലയളവ് 2 **വർഷമായി** നിജപ്പെടുത്തുന്നു. ടി കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ഏപ്രിൽ മാസത്തിൽ ഈ റോൾ മുഖാന്തിരം സ്ഥലം മാറ്റത്തിന് ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്.

Vi) ഫീൽഡ് ഓഫീസുകളിലും സ്പെഷ്യൽ യൂണിറ്റുകളിലും ബോർഡ് യൂണിറ്റുകളിലും" 2 വർഷകാലയളവ്, ചെക്ക് പോസ്റ്റുകളിൽ 6 മാസ കാലയളവ് എന്നിവ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതലാണ് (ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അല്ല) കണക്കാക്കുന്നത്.

Vii) ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് ഓപ്ഷൻ നൽകിയ ജില്ലകളിലേക്ക് പൊതുസ്ഥലം മാറ്റത്തിൽ മുൻഗണന നൽകി പരിഗണിക്കണം.

**ഉദ്യോഗകാല ദൈർഘ്യം**

ഒരു ഓഫീസിൽ 2 വർഷ കാലാവധി പൂർത്തിയാക്കിയ ജീവനക്കാരന് മാറ്റം നൽകേണ്ടതായ ആവശ്യമുള്ള പക്ഷമോ, ജീവനക്കാരന്റെ സ്ഥലംമാറ്റം പൊതുതാൽപ്പര്യാർത്ഥം ആവശ്യമായി വരുന്ന പക്ഷമോ ടി ജീവനക്കാരനെ സ്ഥലംമാറ്റേണ്ടതാണ്. ഒരു പ്രത്യേക ഓഫീസിൽ 2 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്ത ഏതൊരു ജീവനക്കാരനെയും അച്ചടക്ക നടപടി/വിജിലൻസ് അന്വേഷണം/അനുകമ്പാർഹമായ കാരണങ്ങൾ/ഒഴിവില്ലാത്ത കാരണങ്ങളാൽ സ്വന്തം ജില്ലയിൽ